## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 106**      **06-02.2020 ൽ മറുപടിക്ക്**

### സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി) |
| (എ) നിയമവിരുദ്ധമായി കയ്യേറുകയും കൈവശം വയ്ക്കുകയും ചെയ്ത സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ഈ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം വസ്തുതാപരമാണോ; | (എ) അല്ല. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമവും 1958 ലെ അനുബന്ധ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009 ലെ കേരള ഭൂ സംരക്ഷണ നിയമ ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. ഒഴിപ്പിക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവന്യൂ നമ്പർ ഉത്തരവിൻപ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത ടീം നേരിട്ട് സ്ഥലപരിശോധന ഉൾപ്പെടെ നടത്തി അനധികൃത കൈയ്യേറ്റം ഒഴിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) സർക്കാരിന്റെ ശേഷിക്കുന്ന കാലയളവിനുള്ളിൽ ഇത്തരം ഭൂമി വിവേചനം കൂടാതെ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ വിവേചനം കൂടാതെതന്നെ പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| **ജില്ല** | **ഒഴിപ്പിച്ചെടുത്ത ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ** |
|---|---|
| തിരുവനന്തപുരം | 5.2232 |
| കൊല്ലം | 3.7494 |
| പത്തനംതിട്ട | 2.0600 |
| ആലപ്പുഴ | 5.1546 |
| കോട്ടയം | 1.3837 |
| ഇടുക്കി | 189.1397 |
| എറണാകുളം | 6.2767 |
| തൃശ്ശൂർ | 8.1062 |
| പാലക്കാട് | 7.9553 |
| മലപ്പുറം | 3.0831 |
| കോഴിക്കോട് | 1.6875 |
| വയനാട് | 26.1556 |
| കണ്ണൂർ | 0.0558 |
| കാസർഗോഡ് | 0.3948 |
| **ആകെ** | **260.4256** |

**സെക്ഷൻ ഓഫീസർ**